# നിറക്കൂട്ട്

## ജി എച്ച് എസ് എസ് ഉപ്പിലിക്കൈ




ലിറ്റിൽകൈറ്റ്സ് കൂട്ടായ്മ

ഡിജിറ്റൽ മാഗസിൻ

# ആമുഖം

2023-24  അധ്യയന വർഷത്തെ ലിറ്റിൽകൈറ്റിൻറെ ആഭിമുഖ്യത്തിലുള്ള ഡിജിറ്റൽ മാഗസിനാണ്  .അനുദിനം വളർന്നു കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ കുരുന്നു കൂട്ടങ്ങളുടെ സർഗ്ഗാത്മക ചിത്ര രചനാവൈവഭവം കോർത്തിണക്കി ഐ ടി പഠനം കൂടുതൽ ഫലപ്രദമാക്കാൻ ഈ കൊച്ചു മാഗസിൻ കൊണ്ട് കുട്ടികൾക്ക് സാധിച്ചു.കഥയും കവിതയും രചിച്ച ചിത്രങ്ങൾ വരച്ച് ചേർത്ത മുഴുവൻ വിദ്യാർത്ഥികൾക്കും അതിന് സജ്ജരാക്കിയ ഐ ടി കോർഡിനേറ്റർമാർക്കും ആശംസകളറിയിച്ച പ്രധാനാധ്യാപകൻ,പി ടി എ പ്രസിഡണ്ട് എന്നിവർക്കും ആദ്യമേ നന്ദി അറിയിച്ചുകൊള്ളട്ടെ.ഡിജിറ്റൽ വായനലോകത്ത് കുട്ടികളെ കൈപിടിച്ചുയർത്താൻ ഉതകുന്നതാകട്ടെ ഈ കൊച്ചു മാഗസിൻ.

# പത്രാധിപസമിതി

ചീഫ് എഡിറ്റർ : ഹെഡ്മാസ്റ്റർ അജയകുമാർ

എഡിറ്റർ അശ്വിൻരാജ് കെ

<u>സബ് എഡിറ്ററമാർ</u>

സഞ്ജന കെ
അശ്വജിത്ത് കെ വി
സാഗർ പാറക്കാടൻ

<u>അംഗങ്ങൾ</u>

നിതിന മനോഹരൻ എ
അക്ഷയ് എസ്
മനു മുരുഗൻ
പ്രബിജിത്ത്
കൃഷ്ണേന്ദു

# ഗാന്ധിസൂക്തങ്ങൾ

ഒരു
വിദേയാർത്ഥിക്ക്
ലഭിക്കാവുന്ന
ഏറ്റവും നല്ല
പാഠപുസ്തകം
അധ്യാപകൻ
ആയിരിക്കണം

**എനിക്ക്
അവകാശപ്പെടാനുള്ള ഏക
ഗുണം സത്യവും
അഹിംസയുമാണ**

**ആദർശമില്ലാ
ത്ത മനുഷ്യൻ
വഴിതെറ്റിയ കപ്പൽ
പോലെയാണ്**

എൻറെ
ജീവിതമാണ്
എൻറെ
സൗന്ദര്യം

പാപത്തെ
വെറുക്കണം
എന്നാൽ
പാപിയെ
സ്നേഹിക്കണം

Abhinand
8A


# ചരിത്രം



കാഞ്ഞങ്ങാട് മുൻസിപാലിറ്റിയിലെ അരയി ,കാർത്തിക ,മോനാച്ച വാഴുന്നോറൊടി , മധുരംകൈ ,ചൂട്ടുവം പുതുക്കൈ ,ചേടിറോഡ് എന്നീ പ്രദേശങ്ങളിലെ ജനങ്ങളുടെ വിദ്യാഭ്യാസകേന്ദ്രമാണ് ഉപ്പിലിക്കൈ ഗവർമെന്റ് ഹയർസെക്കന്ററി സ്കൂൾ. ഉപ്പിലിക്കൈ ഗ്രാമത്തിന്റെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ഉപ്പിലിക്കൈ എന്ന സ്ഥലത്ത് 1953-ൽ ഏകാധ്യാപക സ്കൂളായിട്ടാണ്. 1953 സപ്തംബർ മാസം കൊങ്ങിണിയൻ വളപ്പിൻ ഏകാദ്ധ്യാപക സ്കൂളായി തുടങ്ങി .പിന്നീട് 1961 ഉപ്പിലിക്കൈയിലേക്ക് മാററി ജി എൽ പി എസ് ഉപ്പിലിക്കൈ ആയി .പിന്നീട് യുപിസ്കൂളായി ഉയർത്തപ്പെട്ടു. ആദ്യ പി.ടി.എ.കമ്മിററി നിലവിൽ വന്നു.

ശ്രീ. കുഞ്ഞിക്കോമൻമണിയാണി പ്രസിഡൻറ്.1961-62-ൽ ഒരു എൽ പി സ്കൂളായും ഉയർത്തപ്പെട്ടു.1978ലാണ് സ്കൂൾ പി.ടി.എ രൂപീകരിച്ച് പ്രവർത്തിക്കുന്നത്.1980 ൽ സിൽവർ ജൂബിലി ആഘോഷിച്ചു..ഹൈസ്കൂളാക്കി മാററാനുള്ള ശ്രമം തുടങ്ങി . അതിനായി ശ്രീ വികെ വൈദ്യർ ജനറൽ സെക്രട്ടറിയും ശ്രീ കെ കൃഷ്ണമാരാർ പ്രസിഡൻറുംകുഞ്ഞികോമൻമണിയാണി ട്രഷററും ആയി ഒരു കമ്മിററി രൂപീകരിച്ചു

കമ്മിററിയുടെ പ്രവർത്തനഫലമായി 1981 ൽ ഹൈസ്കൂളായിമാറി. 1983-84 അധ്യയന വർഷം SSLC ബാച്ച് ഉന്നത വിജയം കൈവരിച്ചു. 2002-03 വർഷത്തിൽ സുവർണജൂബിലി ആഘോഷിക്കുകയും ചെയ്തു.




# മഴവില്ല്

പ്രകൃതിയിൽ ഒട്ടനവധി പ്രകൃതി സൗന്ദര്യങ്ങൾ ഉണ്ട് പലതും കണ്ടതും കാണാതെയും പോകുന്നു. നമ്മൾ ഏത് സമയത്ത് കണ്ടാലും കണ്ണിനും മനസിനും ഒരുപോലെ കുളിർമ നൽകുന്ന ഒരു പ്രകൃതി സൗന്ദര്യമാണ് മഴവില്ല് .നേർത്ത തണുത്ത തുള്ളിത്തുള്ളികളായി പെയ്തിറങ്ങിയ മഴ ചെറുമഴക്കു ശേഷം തെളിഞ്ഞ ആകാശത്ത് വർണ്ണശബളമായ മഴവില്ല് പ്രത്യക്ഷപ്പെടും. ഞാനിത് കാണുന്നത് ഊട്ടിയിലേക്കുള്ള യാത്രയിലാണ് . നിരന്നു നിൽക്കുന്ന പട്ടുകുറ്റൻ മലയുടെ മുകളിൽ യാതൊരു തടസ്സവും ഇല്ലാതെ തെളിഞ്ഞ ആകാശത്ത് വളരെ വ്യക്തതയോടെ അന്നായിരുന്നു ഞാൻ മഴവിൽ കണ്ടത് . അന്ന് ഇതുവരെ കണ്ടതിൽ വച്ച് മികച്ച മഴവില്ല്. മഴവില്ലിലെ ഏഴു നിറങ്ങൾ മങ്ങിയ നിറത്തിൽ ആയിരുന്നു അതിനുമുമ്പ് കണ്ട എല്ലാ മഴവില്ലും . എന്നാൽ അന്ന് മലകൾക്ക് മുകളിൽ കണ്ട മഴവില്ലിന്റെ നിറങ്ങൾ ഓരോന്നും വളരെ വ്യക്തമായിരുന്നു. വയലറ്റ്,ഇൻഡിഗോ, നീല ,പച്ച ,മഞ്ഞ ,ഓറഞ്ച്, ചുവപ്പ് എന്നീ നിറങ്ങൾ ഒക്കെ കണ്ടു. ഭൂമി എന്ന ഈ സുന്ദരഗോളത്തെ ആകെ മഴവില്ല് കൊണ്ട് പുതപ്പിച്ചത് പോലെ തോന്നി ആ നിമിഷം . ഒരു പക്ഷേ അത്രമേൽ മനസ്സിന് കുളിർമ നൽകിയതും , കുറെ നേരം എന്നെ പിടിച്ചുനിർത്തിയതും,ആ മഴവില്ല് ആണ്.

Krishnendu
9A

# കാണാതായ ഡോഡോ



പണ്ട്,പണ്ട് മനുഷ്യൻ ഇതുവരെ കാണാത്ത, നാവികരുടെ തൃക്കണ്ണിൽ പെടാതിരുന്ന ഒരു ചെറിയ ദ്വീപായിരുന്നു മൗറീഷ്യസ്. അവിടെ 'ബൗ ബൗ' പറയാൻ നായയോ 'മ്യാവു മ്യാവൂ' പറയാൻ പൂച്ചയോ ഉണ്ടായിരുന്നില്ല, അവിടെ കുറച്ച് ജീവികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.അതിൽ ഒന്നായിരുന്നു ഡോഡോ.കാഴ്ചയിൽ താറാവിന്റെ സാദൃശ്യമുള്ള ഇവയ്ക്ക് വലിയ ശത്രുക്കൾ ഒന്നും ഉണ്ടായിരുന്നില്ല. കാൽവരിയ മരത്തിന്റെ പഴമായിരുന്നു ഡോഡോ കളുടെ ഭക്ഷണം. അങ്ങനെ ഡോഡോകൾ നൂറ്റാണ്ടുകളായി സ്വർഗ്ഗത്തിൽ എന്നപോലെ മൗറീഷ്യസിൽ ജീവിച്ചു. കാൽവരിയാ മരത്തിന്റെ വിത്തുണ്ടാകുന്നതിന് അതിന്റെ പഴം ഡോഡോ കഴിക്കേണ്ടിയിരിക്കുന്നു. കാരണം ഡോഡോയുടെ വിസർജനത്തിലൂടെയുള്ള ഒരു പ്രക്രിയയിലാണ് വിത്ത് ഉണ്ടാകുന്നത്.

അങ്ങനെ ഒരു ദിവസം ഒരു വലിയ കപ്പൽ ഗതിമാറി മൗറീഷ്യസിൽ നിർത്തി. അങ്ങനെയൊരു മനുഷ്യൻ ആദ്യമായി കാലുകുത്തി. ഇതുവരെയായി കാണാത്ത ഒരു മൃഗം, കാണാൻ താറാവ് പോലെ, ആ മനുഷ്യനും കൂട്ടാളികളും ഡോഡോയെ വേട്ടയാടി. ഡോഡോയുടെ ഇറച്ചി വളരെ രുചിയുണ്ടായിരുന്നു. അവരുടെ നായകളും അങ്ങനെ അവിടെ ഇറങ്ങി. നായകളും ഡോഡോയെ വേട്ടയാടി. ഡോഡോയുടെ സ്വർഗ്ഗമായ മൗറീഷ്യസ് നരകമായി മാറി. അങ്ങനെ മനുഷ്യൻ മൗറീഷ്യസിൽ നിരന്തരമായി എത്തിക്കൊണ്ടിരുന്നു, ഇറച്ചിക്കുവേണ്ടി. അങ്ങനെ ഡോഡോ വംശനാശത്തിന്റെ ഇരയായി മാറി.

മൗറീഷ്യസിൽ നിറഞ്ഞിരുന്ന ആ പാവം പക്ഷി മൗറീഷ്യസിൽ നിന്നും കാണാതായി. മനുഷ്യന്റെ അനാവശ്യ ഇടപെടൽ കാരണം ദൈവം സൃഷ്ടിച്ച ഒരു വംശം തന്നെ ഇല്ലാതായി. ഡോഡോയുടെ നാശം കാരണം കാൽവാരിസ് മരം കൂടി ഇന്ന് ഭൂമിയിൽ കാണ്മാനില്ല.

അക്ഷയ് എസ്




## സ്വാഗതഗാനം

ഗംഗാധരൻ മാഷിൻറെ
രചനയിൽ നമ്മുടെ സ്കൂൾ

സ്വാഗതം സ്വാഗതം.... സ്വാഗതം..
സ്വാഗതമേവർക്കും സുസ്വാഗതം.......
സപമഗ, സപമഗ... ആ...... തന തന തന്താനേ തന..... ഓ ഓ.......
അറിവിൻ അക്ഷര മധുര സ്വപ്നങ്ങൾ തൻ
വേദിയിൽ നാമിന്ന് ചേർന്നിടുമ്പോൾ...
ഓമനിക്കാനായി ഓടിയെത്തുന്നിതാ...
ഈ കലാക്ഷേത്രത്തിൻ സുഖലാളനം....
സ്വാഗതം സ്വാഗതം സ്വാഗതം......
ഏരീരം ഏരീരം ഏരി രാരോ....
വാഴുന്നവർതൻ ഒടിയിൽ വിളങ്ങിയ ഏകാധ്യാപക വിദ്യാലയം
അമ്പത്തിഏട്ടിലീഅറിവാലയം..
ഉപ്പിലി കൈ ഉപ്പിലി കൈ ഉപ്പിലി
കൈ.... പുഴകളും കാറ്റും തഴുകി ത്തലോടുന്ന
ഇവിടമാണെന്നുമെൻ ഹൃദയാലയം... ഹൃദയാലയം....
ജീവിതപാതയിൽ പുതുവെളിച്ചം തന്ന്
കർമ്മോത്സുകരാക്കി ഗുരുനാഥന്മാർ...
അവരുടെ കൈകളിൽ ശലഭങ്ങളായവർ
ഉയരെ താരകപ്പൂക്കൾ ആയി...
അറുപത്തിയൊൻപതാം വാർഷിക വർണ്ണത്തിൻ നിറവേറ്റിടാം...
നമുക്കൊത്തുചേരാം നമുക്കൊത്തുചേരാം....
തെയ്യംതിറമൊഴിയുന്നൊരു കളിയാട്ട കാവും...
കളിയും പല കലയും നിറപൊലിയുന്നൊരു നാട്
പൂരക്കളി പാട്ടിൻ അല തീർക്കുന്നൊരു നാട്..
മാപ്പിളപ്പാട്ടിൻ ഇശല് മൂളും ഗ്രാമം.
ഇശല് മൂളും ഗ്രാമം നാടുണർന്നു.....
കൊയ്യാറായി..കണ്ടങ്ങൾ ആളൊരുങ്ങി
നാട്ടുപാട്ടിൻ ഈണത്തിൽ വിരുന്നൊരുങ്ങി....
പുത്തരിനെല്ലിൻ വിള കൊയ്യാം....
ഇന്നാണ് ഇവിടെ പൊന്നോണം...
ഇത് വാഴുന്നോരൊടി നാടാണേ....
ഇന്നാണ് ഇവിടെ പൊന്നോണം.
മാനവരൊന്നായി സ്നേഹിക്കും തീരമിതാ....
കാരുണ്യ കടലാകും ഈ കർമ്മപഥം....
എത്രയെത്ര പോയകാല കഥയിവിടെ....
എത്രയെത്ര മൺതരിതൻ സ്മൃതിയിവിടെ.....
നാടിന് മാതൃകയായൊരു ജ്ഞാനപഥം...
ഇവിടെ മാനസം ഒന്നാകാം...
അറിവായി നിറവായി നിറമേകാം....
പുതിയൊരുകാല ഒരുമയിൽ ഉണരാം.....
ഒന്നായി മാറാം ഒന്നാകാം...
ഒന്നായി നിന്ന് കരുത്തേകാം......
സ്വാഗതം സ്വാഗതം സ്വാഗതം സ്വാഗതം...... --------



# ആനയും കൂട്ടുകാരും



പണ്ട് പണ്ട് ഒരു കാട്ടിൽ ഉറ്റ ചങ്ങാതിമാരായ ആനയും കുരങ്ങും ഉണ്ടായിരുന്നു. ആന കുരങ്ങിനെ അപേക്ഷിച്ച് വലുപ്പത്തിൽ വലുതായിരുന്നു.അതിനാൽ അവരുടെ സ്കൂളിലെ കുട്ടികൾ അവരെ രണ്ടുപേരെയും കളിയാക്കുമായിരുന്നു. അവർ അതിൽ ഒരുപാട് വിഷമിച്ചു. പക്ഷെ അവർക്ക് രണ്ടുപേർക്കും അവരുടെ കൂട്ടുകാരെ വളരെ ഇഷ്ടമാണ്. അങ്ങനെയിരിക്കെ ഒരിക്കൽ സ്കൂൾ വിട്ടുവരുമ്പോൾ അവരുടെ കൂട്ടുകാർ വേഗം പോയി. ആനയ്ക്ക് പതുക്കെ മാത്രമേ നടക്കാൻകഴിയുമായിരുന്നുള്ളു അതിനാൽ അവന്റെ കുരങ്ങ് കൂട്ടുകാരൻ അവന്റെ കൂടെ പതുക്കെ നടന്നു. നടന്നു നടന്ന് അവർ ഒരു മാമ്പഴ തോട്ടത്തിൽ എത്തി അപ്പോൾ അവരുടെ കൂട്ടുകാർ അവിടെ നിന്ന് മാമ്പഴം പറിക്കുന്നുണ്ടായിരുന്നു. അവർ അവരോട് ഒരു മാമ്പഴം ചോദിച്ചു. അപ്പോൾ ചിന്നു മുയൽ പറഞ്ഞു അയ്യോ.... ഈ തടിയനും എലുമ്പനും നമ്മുടെ മാമ്പഴം കൊടുക്കണോ അത് കേട്ട് മിഞ്ചു തത്ത പറഞ്ഞു. അവർക്ക് നമ്മുടെ മാമ്പഴം കൊടുക്കണ്ട അവർ ഒറ്റയ്ക്ക് പറിക്കട്ടെ നമ്മളും ഒറ്റയ്ക്കല്ലേ പറിച്ചത്. അപ്പോൾ ആന പറഞ്ഞു കൂട്ടുകാരെ ഈ മാവിൽ ഇനി മാങ്ങകൾ ഇല്ല എല്ലാ മാങ്ങാകളും നിങ്ങൾ എടുത്തു അതിനാൽ ഞങ്ങൾ എങ്ങനെ പറിക്കും. അപ്പോൾ ചിമ്മു കാക്ക പറഞ്ഞു ഞങ്ങൾക്ക് അതൊന്നും അറിയണ്ട ഞങ്ങൾ ഞങ്ങളുടെ കൈയ്യിലുള്ള മാമ്പഴം തരില്ല അവർക്ക് രണ്ടുപേർക്കും വിഷമമായി. അവർ സങ്കടത്തോടെ അവിടെനിന്നും മുന്നോട്ട് നടന്നു. കുറച്ചു ദൂരം നടന്നപ്പോൾ അവിടെ ഒരു മാവ് കണ്ടു അതിൽ ഒരു കൊമ്പിൽ അഞ്ചെ അഞ്ചു പേഴുത്ത മാങ്ങാകൾ ഉണ്ടായിരുന്നു അപ്പോൾ കുരങ്ങൻ പറഞ്ഞു നമുക്ക് ഈ മാങ്ങാകൾ പറിക്കാ അവർ ഇപ്പോൾ ഇതു വഴി വരും ഇത് കണ്ടാൽ അവർ നമ്മളെ മാമ്പഴം പറിക്കാൻ വിടില്ല ഈ മാമ്പഴങ്ങളും അവർ തന്നെ കഴിക്കും ആന പറഞ്ഞു സാരമില്ല അവർ നമ്മുടെ കൂട്ടുകാരല്ലേ അവർക്കും കൊടുക്കാം മാമ്പഴം. കുരങ്ങൻ പറഞ്ഞു നിനക്ക് എങ്ങനെ ഇങ്ങനെ ചിന്തിക്കാൻ തോന്നുന്നു നിന്നെയും എന്നെയും അവർ എത്ര കളിയാക്കി അവർ നമ്മളെ കൂട്ടുകാരായിപ്പോലും കാണുന്നില്ല എന്നിട്ടും നീ എങ്ങനെ ഇങ്ങനെ പാവമായി ഈ നിന്നെ അല്ലെ അവർ കളിയാക്കിയത് അപ്പോൾ അവൻ അതു വഴി വന്നു അവർ ഇവരുടെ കയ്യിലെ മാമ്പഴം കണ്ടു ആന അത് അവർക്കും കൊടുത്തു അപ്പൊ അവർക്ക് സങ്കടം തോന്നി ഇത്ര നല്ല കൂട്ടുകാരനെ ആണ് തങ്ങൾ കളിയാക്കിയത് അപ്പോൾ ആന പറഞ്ഞു സാരമില്ല നമ്മൾ കൂട്ടുകാരല്ലേ നമുക്കിടയിൽ പല പ്രശ്നങ്ങളും ഉണ്ടാകു അത് നമ്മൾ തന്നെ തീരക്കും ഇതും അതുപോലെ കണ്ടാൽ മതി. അവർക്ക എല്ലാവർക്കും കുറ്റബോധം തോന്നി. അതുതന്നെ നന്മയുടെയും സ്നേഹത്തിന്റെയും തിരിച്ചറിവിന്റെയും ഒരു സൂചനയാണ് ഈ സംഭവത്തിന് ശേഷം അവർ പിരിയാൻ കഴിയാത്ത ഉറ്റ കൂട്ടുകാരായി ഒരു മാമ്പഴം കൂട്ടുകാരെ ഒന്നിപ്പിച്ച കഥയാണിത്. ആനയുടെ നന്മ മനസ്സും കൂട്ടുകാരുടെ കുറ്റബോധവും ചേർന്ന ഒരു ഗുണപാഠം

Shivanya 9A

# വെള്ളച്ചാട്ടത്തിൻറെ മനോഹാരിത

-

പ്രകൃതി എന്നാൽ
എല്ലാവരെയും നിത്യേന
അത്ഭുതപ്പെടുത്തുന്ന
വിസ്മയങ്ങളായ കാഴ്ചകൾ കൊണ്ട്
സമ്പന്നമാണ്. പല കാര്യങ്ങളും
പ്രകൃതിയുടെ മനോഹാരിത
വർദ്ധിപ്പിക്കുന്നു. ഇങ്ങനെയുള്ള ഒരു
പ്രകൃതി ഭംഗിയാണ്
വെള്ളച്ചാട്ടം.മുകളിൽ നിന്ന് ശക്തിയിൽ
താഴെ പാറകളിൽ പതിക്കുന്ന
വെള്ളച്ചാട്ടത്തെ കാണാൻ നല്ല
ഭംഗിയാണ്. ഉയരങ്ങളിൽ നിന്ന് താഴോട്ട്
പതിച്ച് പാറകളിൽ തട്ടുമ്പോൾ ഉള്ള
ശബ്ദവും പിന്നെ വെള്ളം തെറിച്ച്
നിലത്തേക്ക് പതിക്കുന്നതും
കാണുമ്പോൾ മനസ്സും കണ്ണും
ഒരുപോലെ ആസ്വദിക്കും.
സാധാരണ രീതിയിൽ വന്ന്
പെട്ടെന്ന് താഴേക്ക്
പതിക്കുന്നതാണ്

ത്തിന്റെ പ്രത്യേകത.വെള്ള
ചാട്ടം എന്നു
പറ

യു
മ്പോൾ
മനുഷ്യമനസ്സുകളിൽ ആദ്യം
ഓടിയെത്തുന്നത് വിക്ടോറിയ
ജലപാതമാണ്. രണ്ട് നദികൾ
ഒന്ന് ചേർന്ന് 350 അടി കാഴ്ചയും
ഒന്നേമുക്കാൽ കിലോമീറ്റർ
വീതിയുമുള്ള പാറകളിലേക്ക് അവ
ശബ്ദത്തോടെ പതിക്കുകയാണ്.
വെള്ളച്ചാട്ടത്തിന്റെ ഭംഗി എത്ര
പറഞ്ഞാലും വിവരിക്കാൻ കഴിയില്ല.
കാരണം അത് കാണുമ്പോൾ മാത്രമേ
നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.
പിന്നെ മനസ്സിൽ വരുന്നതാണ്
വെള്ളച്ചാട്ടം ആണ് അതിരപ്പിള്ളി
വെള്ളച്ചാട്ടം. ഇതും മനോഹരമായ ഒരു
ദൃശ്യഭംഗിയാണ്.പ്രകൃതിയെ
സുന്ദരമാക്കാനായി ഉത്ഭവിച്ച ഒന്നാണ്
വെള്ളച്ചാട്ടം



Shivani r Krishna
9A